സ്റ്റേഡിയങ്ങളുടെ പുനരുദ്ധാരണം

309 (3943) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ സ്റ്റേഡിയങ്ങളുടെ പുനരുദ്ധാരണത്തിന് സ്പോർട്സ് വകുപ്പുമായി ബന്ധപ്പെട്ട് ധനസഹായം അനുവദിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം എത്ര സ്റ്റേഡിയങ്ങളുടെ പുനരുദ്ധാരണത്തിന് ഫണ്ടുകൾ അനുവദിച്ചു ; ജില്ലതിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) സ്റ്റേഡിയങ്ങളുടെ പുനരുദ്ധാരണത്തിന് ഇനിയുള്ള നടപടി ക്രമങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ&ബി). ഉണ്ട്. ഗ്രാമീണ സ്റ്റേഡിയങ്ങളുടെ പുനഃരുദ്ധാരണവും ഗ്രാമീണ മേഖലയിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും ലക്ഷ്യമിട്ട് കേന്ദ്ര കായിക യുവജനകാര്യവകുപ്പ് സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖാന്തിരം നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പൈക്ക (പഞ്ചായത്ത് യുവക്രീഡ ഔർ ഖേൽ അഭിയാൻ). 2008-09 മുതൽ നടപ്പിലാക്കിവരുന്ന ഈ പദ്ധതി 1-4-2014 മുതൽ രാജീവ് ഗാന്ധി ഖേൽ അഭിയാൻ (RGKA) എന്ന പേരിൽ പുനഃസംഘടിപ്പിച്ചിരിക്കുകയാണ്. RGKA പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇൻഡോർ ഹാൾ/ഔട്ട് ഡോർ കളിസ്ഥല വികസനത്തിന് ധനസഹായം അനുവദിക്കുന്നതാണ്. 2010-11, 2011-12 വർഷങ്ങളിൽ പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ കളിസ്ഥലനിർമ്മാണ വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.* ഇതോടൊപ്പം 35-ാമത് ദേശീയ ഗെയിംസിനോടനുബന്ധിച്ച് വിവിധ ജില്ലകളിൽ നിർമ്മിച്ച/നവീകരിച്ച സ്റ്റേഡിയങ്ങളുടെ ലിസ്റ്റും നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് മുഖേന നടപ്പിലാക്കിയ ദേശീയ ഗെയിംസിതര പദ്ധതികളുടെ ലിസ്റ്റും അനുബന്ധം-II ആയി ചേർത്തിട്ടുണ്ട്.* കൂടാതെ ഇനി പറയുന്ന സ്റ്റേഡിയങ്ങളുടെ നിർമ്മാണം കായികവകുപ്പ് ഡയറക്ടർ മുഖേനയും നടപ്പിലാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. മുനിസിപ്പൽ സ്റ്റേഡിയം- പാലാ
2. കെ. കരുണാകരൻ സ്മാരക സ്റ്റേഡിയം- മാള
3. പി.പി.എസ്തോസ് സ്മാരക സ്റ്റേഡിയം- മൂവാറ്റുപുഴ
4. സ്പോർട്സ് കോംപ്ലക്സ് & ഫുഡ്ബോൾ അക്കാദമി- മലപ്പുറം
5. ജിമ്മി ജോർജ്ജ് സ്റ്റേഡിയം- പേരാവൂർ, കണ്ണൂർ
6. മുനിസിപ്പൽ സ്റ്റേഡിയം- തലശ്ശേരി

(സി) രാജീവ് ഗാന്ധി ഖേൽ അഭിയാൻ പദ്ധതിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇൻഡോർ ഹാൾ/ഔട്ട് ഡോർ കളിസ്ഥല അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു സെന്ററിൽ പരമാവധി 1.60 കോടി രൂപ (80 ലക്ഷം രൂപ വീതം) ലഭിക്കുന്നതാണ്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കുറഞ്ഞത് 6-7 ഏക്കർ കളിസ്ഥലസൗകര്യമുള്ള, ബ്ലോക്ക് പഞ്ചായത്തുകൾ നിശ്ചിത ഫോറത്തിൽ അപേക്ഷ തയ്യാറാക്കി കളിസ്ഥലത്തിന്റെ രേഖകളുടെ പകർപ്പുകൾ സഹിതം RGKA ബ്ലോക്ക് ലെവൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ സമർപ്പിക്കുന്ന മുറയ്ക്ക് കേന്ദ്രയുവജനകാര്യ കായിക മന്ത്രാലയത്തിന്റെ പരിഗണനയ്ക്കായി ശിപാർശ ചെയ്യുന്നതാണ്.

35-ാം ദേശീയ ഗെയിംസ്

310 (3944) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

35-ാം ദേശീയ ഗെയിംസിന് ഓരോ സ്റ്റേഡിയത്തിലും നടക്കുന്ന കായിക ഇനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ?

ഉത്തരം

മത്സര/പ്രദർശന/പരിശീലനത്തിനായി നിശ്ചയിച്ചിട്ടുള്ള സ്റ്റേഡിയങ്ങളുടെയും താത്ക്കാലിക നിർമ്മിതികളുടെയും കായികയിനങ്ങളുടേയും വിവരം അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly